വേലുത്തമ്പിദളവാ.

കെ. എം. പണിക്കർ, ബാരിസ്റ്റർ-അററ്‌ലാ,

എഴുതിയതു്.

"ശ്രീരാമവിലാസം" പ്രസ്സ് —കൊല്ലം.

ഒന്നാംപതിപ്പു കാപ്പി [illegible]

1104.



കെ. എം. പണിക്കർ,

എം. എ. (ഓക്സൻ)

ബാരിസ്റ്റർ—അററ്ലാ.

അഞ്ജലി.

ആരുമേ ദേവി,യെൻബാല്യംമുതൽക്കുനിൻ
പേരിൻഗുണമോതിത്തന്നതില്ല;
പാരിക്കും നിന്നുടേ മാഹാത്മ്യമംബികേ!-
യാരും സ്തുതിച്ചു ഞാൻ കേട്ടതില്ല.
കേട്ടുപഠിച്ചതും കണ്ടുപഠിച്ചതും
ശ്രേഷ്ഠമാം താവകവാൎത്തയല്ല.

“മാനുഷദൈവം”മെന്നൊരുവാചക-
മീ നവലോകത്തിൻ വേദമന്ത്രം,
തത്ത്വമസ്യാദികളെല്ലാം വാഴുന്ന
നിത്യപ്രധാനമാം മൂലതത്ത്വം —
നിത്യമുരുക്കഴിച്ചീശ്വരി,യങ്ങൊന്ന-
മത്തിൽ മയങ്ങി ഞാൻ വാണിരുന്നു.

മാനുഷദൈവമേ— മീനവഗായത്രി-
യ്ക്കൊത്തൊന്നസംഖ്യമെന്നോൎത്തിരുന്നു;
ഇന്നതിൻ മാഹാത്മ്യമെത്ര മഹാത്മന്മാ-
രന്വഹം വാഴ്ത്തിസ്തുതിച്ചിടുന്നു,
കാലദേശങ്ങളെ തുച്ഛമാക്കീടുന്നു,
കായലാക്കീടുന്നു സാഗരത്തെ,

ബുദ്ധിയാൽ മാനുഷൻ വെല്ലുന്നപോലുമീ-
ഉൽക്കർഷവിശ്വപടത്തിനെയും!
വിസ്മയമീവക കണ്ടു ഞാൻ നൂതന-
വിദ്യയിലൊട്ടു മയങ്ങിപ്പോയി.
ജ്ഞാനമെന്നോർത്തിതു, മാനുഷവൈഭവ-
ഗാനങ്ങൾ കീർത്തനമായ് സ്തുതിച്ചു.
നിന്നുടെ മാഹാത്മ്യമാത്രം പറഞ്ഞു ഞാൻ
ഇന്നുവരയ്ക്കുമറിഞ്ഞതില്ല.

  ആരെന്തു ചൊല്ലുണ്ടു, ദേവി, നിൻ വൈഭവ-
  മാത്രം പറയാതറിവതല്ലോ.
  എവനും പാടേണം നിന്നുടെ കീർത്തികൾ,
  ദേവാലയങ്ങളിൽ വാഴ്ത്തിടേണം,
  ഓത്തമ്പലത്തിലും ക്രൈസ്തമ്പലത്തിലും
  വാഴ്ത്താതെ കേട്ടിടാമാക്കമെന്നും.

നിത്യമനോഹരമാമുഷസ്സോതിടും
കീർത്തനമല്ലോ സ്തുതിപ്പു നിന്നെ.
ആരണ്യഭൂവിലുമുദ്യാനഭൂവിലും
നേരെ വിടരുന്ന പൂക്കളല്ലോ
ദേവി, നിൻ കീർത്തിതൻ സൌരഭ്യലഹരിയെ
ഭൂവിൽ പരത്തുന്നതെല്ലായ്പ്പോഴും.
വൻമണലാരണ്യഭൂവിൽ ജലമായി
കണ്മയക്കംപോലെ മർത്ത്യജാതി
സ്വന്തമാം വൈഭവമായയിൽ വീണുഴന്നു,
സ്വാന്തത്തിലോർപ്പീലതിൻതത്ത്വം.

നീർപ്പോളയിങ്കൽ പ്രതിഫലിച്ചീടുന്ന
വാനൂഴം നിൻബലലേശംമാത്രം
മാനുഷശക്തിയായ് കാണുന്നതെന്നതാ-
മാമഹാതത്വമറിവതില്ല.

വേദവേദാന്തപ്പൊരുളേ! ജഗദേക-
ചൈതന്യതത്വമേ, ലോകമായേ!
നിൻമഹിമാവിനെ വാഴ്ത്തുവാൻ മാനുഷ-
നിർമ്മിതഗീതിയാലെന്തു പുണ്യം?
ബ്രഹ്മാണ്ഡമെപ്പോഴും നിൻകീർത്തി ചൊല്ലവേ
പൊന്മയസ്തംഭങ്ങളെന്തിനാവാം?
ആരുമിതോതിത്തരേണ്ടതായില്ല, നിൻ
പേരുവിളിച്ചെങ്ങും വാഴ്ത്തിടേണ്ടാ,
കാരണമേതിനുമീശ്വരി, നീയെന്ന
നേരറിഞ്ഞീടുകിൽ ജ്ഞാനമായി;
മാനുഷവൈഭവമൂർദ്ധന്യമോർക്കിലീ-
ജ്ഞാനം ലഭിക്കുക മാത്രമല്ലോ.

1927, May,
Berlin.

വേലുത്തമ്പിദളവാ.

നീണ്ടുള്ളകൈകളും,വിരിമാറിട,മുഗ്രതേജ-
സ്സാണ്ടുള്ളകണ്ണുകളിരിമ്പിനൊടൊത്തദേഹം,
ക്രൂരാന്തകക്കവളർതോളും, മൃഗരാജനൊത്തൊ-
ത്തൂറ്റംനരർഷഭനൊരാളിവനേതുവീരൻ! ൧

ആശ്രിതപ്രശംസിമുഖലക്ഷ്മിവഹിച്ചിരുന്നു,
ശൗര്യം,കുലീനത,ദയാദിമഹാഗുണങ്ങൾ
പാരിച്ചതന്റെ കരവിക്രമമാർക്കുമെന്നു
പാർശ്വസ്ഥമായനെടുവാളുംപറയേണ്ടതില്ല. ൨

ചന്ദ്രക്കലയ്ക്കുസമമായ് ചെറുതായ് വളഞ്ഞും,
പന്തിക്കുനല്ല കസവാൽ സമലങ്കരിച്ചും,
ബന്ധിച്ചതൊപ്പി,മൃഗരാജനുകോപ്പണിഞ്ഞ
ചന്തംകൊടുത്തപടിയാനനനിൽത്തിളങ്ങി. ൩

കാതിൽ കിടന്നു തെളിയുന്നമണിക്കടുക്കൻ,
ജ്യോതിസ്സെഴും കനകശൃംഖലകൈകളിന്മേൽ,
സാദൃശ്യമറ്റവടിവാ,ളിവയപ്പുമാനെ
ഖ്യാതിപ്പെട്ടന്നൊരുവനെന്നുവിളിച്ചുചൊല്ലി- ൪

ശ്രീകാർത്തികേയനോടുതുല്യതയാർന്നവീര്യം,
പാകാരിയോടുകിടനില്പോരു നൽപ്രഭാവം,
ചാകാനുമില്ലഭയമെന്ന മികച്ചധൈര്യം,
ഏകാന്തവിക്രമനൊരാളിവനാണുതന്നെ. ൬

ബാഹാബലേനപൊരുതമാറംപടമാണെടുപ്പാൻ
സാഹായ്യമററു“നിലപാടു”വഹിക്കയാവാം
ഭൂഭാഗമൊത്തതുവിദേശ്യരിൽനിന്നെടുപ്പാൻ
ശ്രീമാഗ്ഗ്വൻതിരികെയാഗതനായതാവാം. ൭

അല്ലല്ല, തൻവിമതധർഷണശീലമേററം
ചൊല്ലുന്നൊരിപ്പുളകപൂണ്ട മഹാനുഭാവൻ
ചൊല്ലാർന്നവഞ്ചിവസുധാ പരിരക്ഷണത്തിൽ
കില്ലെന്നിയാത്മബലി ചെയ്യുതിനായുറച്ചോൻ. ൮

സദ്ധർമ്മവും, മഹിതനായർകുലത്തിനുള്ള
യുദ്ധച്ചൊടിപ്പു,മതിരററൊരു കൈക്കരുത്തും,
വിദ്ധ്വംസനംസപദി ചെയ്യുതിനാഞ്ഞടുത്ത
ശത്രുക്കളോടു മടിവിട്ടെതിരിട്ടുനില്പോൻ. ൯

പ്രത്യക്ഷമാംത്രിദിവമാകിയ വഞ്ചിരാജ്യം
നക്തഞ്ചരപ്രതിമർ വൈരികളാക്രമിക്കെ,
അത്യുഗ്രവൈഷ്ണവ സുദർശനശക്തിതന്നെ
മൂർത്തീകരിച്ചു പുതുവൈഭവമാണ്ടിടുന്നോൻ. ൰

വൻപുററരാജസചിവോത്തമനായ വേലു-
ത്തമ്പിക്കുളപ്പുക കരങ്ങൾശിരസ്സുതാഴ്ക;
അൻപുററവർകളുയരാ ജനയിത്രിപോററ
പൊൻപുത്രരിൽ കരബലത്തിലിവൻപ്രമാണി. ൧൦

ഇക്കേരളാർക്കനുടെയന്തിമരശ്മിപുഞ്ജം,
ചൊല്ലേറ്റുണ്ട നായക ജനങ്ങളണിഞ്ഞതഹീരം,
മുഷ്കാർന്നവൈരിനിവഹത്തിനു കാലദണ്ഡം
നിഷ്കാമകർമ്മപരസേവകരാജയോഗി. ൧൧

ആവീരമൌലി, ക്ഷിതിജേന്ദ്രർബഹിഷ്കരിച്ചു
ദേവേന്ദ്രനെന്നപടിതൻ പടയെപ്പിരിഞ്ഞും,
ശ്രീവഞ്ചിഭൂമിയുടെ കഷ്ടതയോർത്തുകൊണ്ടു-
മേകാകിയായവിടെയങ്ങനെ ഖിന്നിരുന്നു. ൧൨

ഭൂരിപ്രതാപനിധിതൻെറ മുഖാംബുജത്തിൽ
പാരിച്ചശോകഭരമന്നുപരിസ്ഫുരിച്ചു;
പാരിടപ്രസിദ്ധിപെരുകം നിജനാട്ടിനന്നു
നേരിട്ടകഷ്ടദശ കാരണമായിരിക്കാം. ൧൩

അന്യാദൃശംമഹിമയാണ്ടു വിളങ്ങിടുന്ന
തൻനാട്ടുഹൂണനൃപശക്തിയടക്കിടുമ്പോൾ,
വന്നാളിടുംകെടുനമോടിതുപോൽനിനച്ചാ-
നന്നായർവംശമണിയായൊരു മന്ത്രിവര്യൻ. ൧൪

അമ്മേ, ഭൂണ്ഡലാഠകമാരി, നിനയ്ക്കിൽനിൻെറ
ജന്മാന്തരാഘവിഷവൃക്ഷമഹോ കലച്ചു,
നിർമ്മായമായ് തുളസിപോലതി പൂതമായ
നിന്മേനിതാനപരർ പൂണ്ടിടുമെന്നുവന്നു, ൧൫

കൊണ്ടാടിടുംഗുണമെഴും കുലശേഖരന്മാർ
രണ്ടാമയോദ്ധ്യപുരിയാക്കിയൊരിപ്രദേശം
തണ്ടാർമകൾക്കുകളിരംഗമിതോർത്തുകണ്ടാൽ
പണ്ടാരുമിങ്ങനെയടക്കിയതില്ലയല്ലോ. ൧൬

വന്മാനശാലികളിലഗ്ര്യഗർ കൈക്കരുത്താൽ
നമ്മാന്യർ, മേന്മയെഴുമഷ്ടഗൃഹാധിപന്മാർ,
ചെമ്മെജനിച്ചൊരിവിടത്തിൽവിരോധിവർഗ്ഗ-
മുന്മാദമൊന്നുമിനിയാർക്കുമിതെന്നുവന്നു. ൧൭

ചീർത്തോരുശക്തിയൊടു വൈരിനൃപാലവർഗ്ഗം
കാൽത്താർപണിഞ്ഞ മഹനീയതരപ്രതാപൻ
കീർത്ത്യാജയിച്ച കുലശേഖരവീരബാല-
മാർത്താണ്ഡ''ദേവനുദിച്ചൊരുദിക്കിതല്ലോ. ൧൮

കല്പദ്രുവാശ്രിതജനത്തിനു, വൈരികൾക്ക
കല്പാന്തവഹ്നി, പുരുഷോത്തമഭക്തചിത്തൻ
കെല്പാർന്നൊരാനൃപതിയെ പ്രസവിച്ചതന്നെ
നല്പേരുവാച്ചിവസുധേ! തവനേടിയുള്ളൂ. ൧൯

ഇക്ഷ്വാകുവംശജലധിക്കൊരു മചന്ദ്രൻ,
രക്ഷഃകുലത്തിനുമഹാബലി,യേതുപോലെ
അക്ഷാമമാംമഹിമചേർന്നതുപോലെധർമ്മ-
രക്ഷാപരൻനിജകുലത്തിനു കീർത്തിചേർത്തു. ൧൦

ആരാജമൌലിനിജനാടഹിതാഗ്നിധൂമം
പാരാതെതിങ്ങിമറയുന്നതു കണ്ടിടുമ്പോൾ,
സ്വാരാജ്യവും സുഖവുമാകെവെടിഞ്ഞു,വൈരി-
മാരോടെതിർപ്പതിനു ചാടിയിറങ്ങുകില്ലേ. ൧൧

ഉൾക്കേറെയുള്ള യവനാധിപനായമൈസൂർ-
വ്യാഘ്രേന്ദ്രംവിശപ്പൊടു പിളർന്നൊരുവായിൽനിന്നും
ഇക്കേരളപ്പുഴുവിനെ സ്വബലേനരക്ഷി-
ച്ചുൾക്ലേശമറ്റഭയമാക്കിക്കൊടുത്തുപിന്നെ. ൧൨

പൌരാണികപ്രണിതനൈഷധധർമ്മജേന്ദ്ര-
ന്മാരാടിയായ് കഴൽപണിഞ്ഞൊരുധാർമ്മികേന്ദ്രൻ,
പേരാർന്നപണ്ഡിത,നപാരദയാംബുരാശി-
യാം“രാമരാജബഹദൂർ” വിജയിച്ചുപിന്നെ. ൧൩

ശ്രീവിക്രമാർക്കനെതിരറ്റൊരു ഭട്ടിപോലെ,
ദാമോദരന്നനഘനുദ്ധവനെന്നപോലെ,
ആമാനിയാംനൃപതിതൻ സചിവേന്ദ്രനായ
ധീമാൻജയിച്ചുഭുവി കേശവപിള്ള മാന്യൻ. ൧൪

അക്ഷീണധൈര്യമൊട്ട ടിപ്പുവിനോടെതിർത്തു
രക്ഷിച്ചതിക്ഷിതിപരക്കടിമപ്പെടാനോ?
ഹാ! വെയ്ലിൽനിന്നചുട്ടതീയതിലെന്നപോലെ
ശ്രീവഞ്ചിഭൂമിയിത, പ്പുണ്ണാരടക്കിയല്ലോ! ൨൫

അല്ലെങ്കിലങ്ങനെവിച്ചകൃതഘ്നതയ്ക്കു
കില്ലില്ലദൈവമൊരുശിക്ഷയിതാണുചെയ്തു;
കല്യത്വമററു കലിബാധിതനായ് നൃപൻതേ
തെല്ലല്ലഹോ കടിലവൃത്തികളാചരിച്ചു. ൨൬

വീരാഗ്രഗണ്യ, ഖലരാംനൃപസേവകന്മേ
കാരാഗൃഹേവസതിയാക്കിഹനിച്ചതോർത്താൽ
പാരാതെയിന്നിനിയിപ്പൊരുനാടകത്തിൻ
ഘോരാന്തസൂചിയരിയാംപ്രഥമാങ്കമായി. ൨൭

ഇന്നോളമിടയകഥകഴിഞ്ഞു, ചരിത്രരംഗ-
മൊന്നോടെമാറി, യൊരുനൂതനപർവ്വമായി
ഇന്നാട്ടുകാർധരണിയിൽതലപൊന്തപൊക്കി
നിന്നാവതില്ലയിനിമേലൊരുകാര്യമെന്നായ്. ൨൮

മേലുള്ളതാംസ്ഥിതിനിനയ്ക്കുക വയ്യ, കഷ്ടം
കാലംഗ്രഹപ്പിഴ കടുത്തതിവക്രവന്നു
ശീലം, കുലം, മുതൽ, തികഞ്ഞപുരന്ധ്രിദാസ്യ-
വേലയ്ക്കുപെട്ടപടിയായിതുവഞ്ചിരാജ്യം ൨൯

വിശേഷാന്തരപ്രേരിതരായ് ജനക്ഷേമത്തി-
ലത്യന്തതത്രമെട്ടുമങ്ങനെ വാണശേഷം,
നിർല്ലോഭശക്തിയെത്തള്ളിയും റസിഡെൻറു സാഹ്വിൻ
ഉല്ലാസനയ്യൂടിയിലായ് കുലശേഖരന്മാർ. ൩൦

സർവ്വാധികാരമിയലും റസിഡെൻറു സാഹ്വിൻ
ഗവ്വർന്നഭൃത്യരുടെ വാച്ചൊത്തകൈക്കരുത്തിൽ
ശ്രീ വഞ്ചിഭൂമിയിതു രാക്ഷസശക്തികൊണ്ടു
വേവുന്നവാനലകടാഹംപോൽ വിഷമിക്കുമല്ലോ. ൩൧

ആണത്തമിന്നു കുലശേഖരഭൂവിലററു
ഊണപ്രതാപമിനിനാട്ടരിച്ചീടുംമേൽ
ചേണെററൊരാംഗ്ലജനങ്ങടെയെച്ചിൽവാരി-
യുണ്ണുന്നതന്നെ വരമങ്ങനെയായി കഷ്ടം! ൩൨

ശൃംഗാരരണോപക്രമിപതീന്ദ്രർ * ഷംഷേർ-
ജംഗെന്നവാക്കിയലും പാഴ്സ്തുതിതന്നെയാവും
എങ്ങാണു വീരസമരം പുരശേഷശക്തി
താങ്ങിയിവാഴുമുപരാട്ട് കുലമെങ്ങുമലിൽ! ൩൩

---

* ഷംഷേർജംഗ് എന്ന പദത്തിന്നർത്ഥം യുദ്ധത്തിൽ സിംഹം എന്നാണ്.

വീഴ്ത്തുംപെരുന്നവർ,കാര്യമറിഞ്ഞമന്ത്രി-
മാരെന്നവർക്കുപകരംസ്വപശക്തികാട്ടാൻ
നേരെന്നതൊട്ടുമറിയാത്തൊരുദ്യോഗസേവ-
ന്മാരെന്നതന്നവരുമിത്തിരുവഞ്ചിനാട്ടിൽ. ൩൪

ഏട്ടത്തിൽദ്വേഷ,മൂണ,മിഥ്യയറിഞ്ഞുചെയ്വാൻ
നോട്ടംപുറംകുടിലവൃത്തികളിൽതഴക്കം
കോട്ടംപെടാതിവയറിഞ്ഞൊരുസേവകന്മാർ
നാട്ടിൽപ്രതാപമിനിമേലിൽനടത്തിവാഴും. ൩൫

ദേവസ്വരക്ഷ,ധരണീസുരസേവ,യെന്ന
ശ്രീവഞ്ചിഭൂപരുടെസൽക്കുലധർമ്മമെല്ലാം
ഈഴവരെഴുംധുരകരംതൻമതവൈരമായ
ദാവാഗ്നിയിൽപരമെരിഞ്ഞുകരിഞ്ഞുപോകും. ൩൬

അത്യാചാരങ്ങളുംജനതയ്ക്കുഴവോരുസർക്കാ-
രുദ്യോഗലോകമതിനിലൊരയിങ്കൽമേലാൽ
പ്രത്യേകശക്തിവിളയുന്നതുപാർശ ജാതി
വ്യത്യാസമാക,മതിൽമന്ത്രിബലങ്ങളുംചേരും. ൩൭

ഇന്നേവരെപ്പുരജനാക്രമണംതടുത്തു
നിന്നോരുശക്തികലരുംമലയാളിവർഗ്ഗൻ,
നന്നായഗസ്ത്യരുടെചൊല്പടിയിങ്കൽവിന്ധ്യ-
നെന്നോണമത്തലകുനിച്ചുപതുങ്ങിവാഴും. ൩൮

ഇക്കേരളത്തൊടെതിരിട്ടുമുതിർന്നില്ലും
മുഷ്കാർന്നവൈരികളെവെന്നൊരുപർവ്വതേന്ദ്ര!
ദുർഗ്ഗാഭിമാനമതുപോയിനിനക്കമേലാൽ
നൽക്കേളിശൈലമഹിതക്കിനിയെന്നുവന്നു. ൩൯

മേലാർക്കനീയുമഗനായക, കാപ്പി, ചായ-
യേലം മുതല്ക്കുപലമാതിരികപ്പമേകി,
ആലസ്യമറ്റരിപുസേവനടത്തിടേണ്ട
കാലംവരുംവിധിയതെന്നുനിനച്ചുകൊൾക! ൪൦

പിന്നാവഴിക്കകയറുംതമിഴക്ക്,തീരം
നന്നായ്കവിഞ്ഞൊഴുകുമപ്പെരിയാറുപോലെ
ഇന്നാടടച്ചടിപെടുത്തിനമുക്കശ്ശേഷം-
കന്നാലിപോലെയൊരുജീവിതമാകുമല്ലൊ. ൪൧

സച്ചൂർണ്ണികാതടിനി, വഞ്ചിധരിത്രിതന്റെ
മെച്ചപ്പെടുംഗളമണിഞ്ഞൊരുമുത്തുമാലേ,
വിണ്ണാറ്റിനുംകിടയെഴുംതവപാവനത്വ-
മിന്നാട്ടിനേതുമഹിമാവിനെയേറ്റിയില്ല! ൪൨

നിൻപുഞ്ചിരിപ്പുതുമയാൽകടൽകന്യയുതെ-
മമ്പോടുവയ്ക്കുമിവിടത്തെവെള്ളമമ്മേ!
പൈമ്പാലുപോൽമധുരം,മക്കൾക്കു വൈരികൾക്കോ
പാമ്പിൻവിഷത്തൊടെതിരാകിയകാളകൂടം. ൪൩

ഇന്നാടടക്കുവതിനങ്ങളിൽമാമനസൈന്യ-
സന്നാഹമോടുമയി,ടിപ്പുവണഞ്ഞിടുമ്പോൾ
നിന്നോമൽവേഷമവനൊന്നുപകർന്നുകണ്ടു
വന്നോരുഭീതിയൊടുമോടിയൊളിച്ചതില്ലേ? ൪൪

കാറായകേശമലരുംതിരയായൊരട്ട-
ഹാസംച വന്നനിണമാണ്ടൊരുഘോരഗാത്രം
ഉഗ്ര്യൂക്ഷചേർന്നപടിഭീകരമായതിൻെറ
ചിദ്രൂപമീവിധമവന്നു തെളിച്ചുകാട്ടി. ൪൫

പോരുറ്റനിൻെറകഥയെന്തി,നിമേലിൽനീയും
വൈരിക്കടാസ്യമൊടുമിന്നവർതൻെറനാട്ടിൽ
കാലങ്ങളെണ്ണുജലസേചനവൃത്തിചെയ്തു
കാലംകഴിക്കണമതെന്നിഹവന്നുചേർന്നു. ൪൬

വാരാശി,നീബലമെഴുംതിരയൊച്ചകൊണ്ടു
ധാരാളമായ് വിജയഭേരിയടിച്ചുകൊള്ളു!
ഇശ്ശരാജ്യമപ്പരശ്ശുരാമനുകീഴിലായ
പോരായ്മ മാറി, തവശക്തിജയിച്ചുവല്ലോ. ൪൭

ആഹാനിയോർത്തുകടലേ, വിമതർക്കുവേണ്ട
സാഹായ്യമന്നതവനേകിയമൂലമല്ലേ
ഈ ദുർണ്ണയക്രമിവിടത്തിലണഞ്ഞതവർ
മോഹിച്ചപോലുമെനിക്കുടകൈക്കൊടുത്തു. ൪൮

ഇക്കേരളത്തിനെയമർപ്പ്തിനാഞ്ഞടുത്ത
കാർക്കോടകൻ,ഭരതഭൂവിനധൂമകേതു
“വാസ്കോഡിഗാമ”,തവസമ്മതമൊന്നുകൊണ്ടാ-
ഞ്ഞുകോടണഞ്ഞു നിജരാക്ഷസസേനയോടും ൪൯

നീനൽകിടുംതുണനിനച്ചവരസ്സമുദ്ര-
തീരത്തുതീർത്ത ചെറുകോട്ടകൾതന്നെയായി
യൂറോപ്യലക്ഷ്മിയുടെഹർമ്മ്യവും, മീനമുക്ക
സ്വാതന്ത്ര്യതാരവകടീരവുമൊന്നുപോലെ. ൫൦

മേലാൽവരുന്നതുവരട്ടിവനാൽകഴിഞ്ഞ-
പോലാവിരോധിനിവഹത്തൊടെതിർത്തുനിന്നു
മാലാർന്നുപുറ്റിവളരുന്നവിരോധിവഹ്നി-
ജ്വാലാബലത്തിലിവനാഹുതിയായിടട്ടെ! ൫൧

ഈമട്ടുൽക്കടമായ ചിന്തകൾവള
ന്നന്നേതുമേതോൽവിതൻ
താഴ്മപ്പാടറിയാത്തൊരുഗ്രമതിമാൻ,
ശ്രീവഞ്ചിമന്ത്രീശ്വരൻ,
ശ്രീമൽകേരളധർമ്മരക്ഷണസ്വയ
ജ്ഞത്തിൽസ്വരാജ്യത്തിലെ
പ്രേമത്താലകളങ്കധീയോടുസമ-
ർപ്പിച്ചാൻസ്വകണ്ഠത്തിനെ! ൫൨

പാരിസ്സ്.

I

നല്പരിഷ്കാരലക്ഷ്മി വാണിടും തലസ്ഥാനം,
ചൊല്പെറും വാണീദേവിതന്നുടെ ലീലാരംഗം,
സാരസ്യസൌന്ദര്യങ്ങൾക്കൊന്നാമേ വിളനിലം,
പാരിസ്സേ, തവകീർത്തിയെങ്ങനെ വാഴ്ത്തേണ്ടു ഞാൻ?

II

ഇന്നുനിൻതെരുവിങ്കലോരോരോശിലകളും
മന്നിടംകുലുപ്പിച്ചകീർത്തിയേച്ചൊല്ലീടുന്നു;
വേദങ്ങളോങ്കാരത്തിലെന്നപോൽ,നിൻനാമത്തി-
ലൈറോപ്പ്യചരിത്രങ്ങളൊക്കെയുംലയിക്കുന്നു.

പണ്ടുനീസർവ്വദുഷ്ടശക്തിയോടൊന്നിച്ചേററു
വേണ്ടുംപോലടർചെയ്തുപാരിടംജയിച്ചപ്പോൾ(1)

---

(1) പരന്ത്രീസ്സുകലാപകാലത്തു, സ്വേച്ഛാധികാരം നടത്തിവന്ന രാജാക്കന്മാർ എല്ലാവരും ഒത്തുചേർന്നു പാരിസ്സിനോടുയുദ്ധംചെയ്തതിൽ പരന്ത്രീസ്സുശക്തി ജയിച്ചതി. അതിപ്പറ്റിയാണ് പറഞ്ഞിരിക്കുന്നതു്.

"വ്യത്യാസംമനുഷ്യനില്ലെല്ലാർക്കുംസ്വാതന്ത്ര്യംതാ-
നത്യാവശ്യക"മെന്നായ് പ്രൌഢിയിലുൽഘോഷിച്ച
സത്യഗാഥതാനിന്നും സർവ്വത്രമുഴങ്ങുന്നു-
തിഭേരിയിങ്കൽപാഞ്ചജന്യസ്വധ്വാനിപോലെ!

അക്കെറക്ഷേത്രത്തിങ്കൽ,നീജഗൽക്ഷേമത്തിന്നു
സൽഗുരോ,പ്രഖ്യാപനം ചെയ്യൊരാഗ്രിതാവാക്യം [മൂന്നു
'സമത്വം','സ്വാതന്ത്ര്യം' 'സൌഭ്രാത്ര' (2)മെന്നിവ
വിശിഷ്ടധർമ്മാമൃതക്കൊന്നാകുകൊട്ടുതല്ലോ.
"ജീവിപ്പിൻ സ്വതന്ത്രരാ,യല്ലെങ്കിൽമരിപ്പിൻതാൻ
നല്ലതിലോകത്തിങ്ക"(3)മെന്ന നിൻമുദ്രാവാക്യം
സ്വേച്ഛാധികാരമത്തരാകിയരാജാക്കൾക്കു
വംശോദ്ധരണീതിയിന്നുംനൾകുന്നു നിസ്സംശയം.

III

അന്നു നീ ദുഷ്പ്രഭുത്വശൈത്യശക്തിയോടേറ്റു
നിന്നപ്പോൾ നിനക്കെന്തു വിക്രമം സാധിച്ചില്ല?
അന്നുനിൻരണശൂരന്മാരായഭടന്മാർക്കു
കുന്നുമാഴിയും കാട്ടുമൊന്നുപോൽതൃണപ്രായം;

---

(2) Liberty, Equality, Fraternity—the three mottos of the French Revolution.

(3) Live Free or die എന്ന ഫ്രഞ്ചുകാരുടെ മുദ്രായാദർശം.

അന്നവൻസ്ഥപവിൽനിന്നടെയടിയാന്മാർ,
മൂന്നുലോകവുംനിന്നകൊണ്ടപോലധീനംതാൻ
ആമന്ത്രംമറന്നതിൻസേനാനി(4)മദോന്മത്തൻ
ഭൂമിക്കനാഥനെന്നാവതാൽഞെളിഞ്ഞപ്പോൾ
സൂര്യനോടടുക്കത്തൊരഗ്നിഘട്ടത്തിൻ കഥപോലെ,
വീഴ്ചമാററാധോഗതിനിശ്ചയംപ്രാപിച്ചല്ലോ.
“ജീവിപ്പിൻസ്വതന്ത്ര”രായെന്നതിൻസന്ദേശംതാനേ
ജീവിക്കമന്ത്രമിന്നും പ്രാബല്യംനേടീടുവാൻ.

IV

പ്രാഭവമേററംചേർന്നസേനാനിമാരാൽപോലെ,
ശോഭനകവികളാൽ, പണ്ഡിതഗണത്താലും,
ധന്യയാംഭവതിക്കനേകച്ഛത്രാധിപത്യം
മന്നിടത്തിങ്കൽസർവ്വസമ്മതമത്രേനൂനം.
ആരുതാൻപാരിസ്സിന്റെമേന്മയിന്നറിവീല?
ആരതിൻനവജ്ഞാനഗന്ധമാസ്വാദിപ്പീല?
മോഹമാംകാററടിച്ചു, വിദ്യയാംസ്നേഹം വററി,
മൂഢവിശ്വാസധൂമംകൊണ്ടുകാണാതെയായ

---

(4) നെപ്പോളിയൻചക്രവത്തിയുടെ കഥയെ സൂചിപ്പിക്കുന്നു.

ജ്ഞാനമാം മണിദീപം നീ താനേ തെളിച്ചന്ന
ത്തന്നീ ലോകഗതിക്കുള്ള കൈവിളക്കാക്കി;(5)
ആ നവസംരംഭത്തിൽ പിന്നെ പൊങ്ങിയ വാണി
മാനഷോൽക്കർഷത്തിന്റെ നാന്ദിയായിത്തീൎന്നു.

V

പാൽക്കടലിങ്കൽനിന്നു പത്മയെന്നതുപോലെ,
പാരിസ്സേ, നിന്നിൽനിന്നു സംജാതം രസമെല്ലാം;
സാരസ്യവസ്ത്രം ചാൎത്തി, ശൃംഗാരമണിമഞ്ച-
മേറി, റീ ലാളിത്യമാം വെൺകൊററക്കുട ചൂടി
രാഷ്ട്രവ, ജയഗീതിയാൎപ്പായി മുഴങ്ങുന്ന
നാമതാലപലകിടം മാറെറാല് ക്കൊണ്ടീടുന്നു.

വൈദ്യുതദീപാവലി ശോഭനഭൂഷയോടും,
സാദരം "സീന"(6)മായ നീലാശ്മഹാരത്തോടും,
വാനമാം മേൽക്കെട്ടിക്കു കീഴെയായ് വിരിച്ചുള്ള
കോമളമണിമെത്തമേറി നീ നിശതോറും
വാസകസജ്ജയായ നായികയെന്നപോലെ
ഭാസുരേ, തരുണൎക്കു സൽകൃതി ചെയ്യുന്നപോൽ.

(5) ഇവിടെ Enlightenment എന്നു പറഞ്ഞുവരുന്ന വാൾട്ടയർ, റൂസ്സോ, കൊൺഡോർസേ മുതലായവരുടെ കാലത്തേയും, അവർ ശാസ്ത്രീയവിജ്ഞാനത്തിനു ചെയ്തിട്ടുള്ള പരിശ്രമത്തെയും പററിയാണു പറഞ്ഞിരിക്കുന്നതു്.

(6) Seine=സെയിൻനദി

നന്മതിരാസ്പാദനം മൂലമായ്ക്കളിക്കുന്ന
കൺമുനകൊണ്ടു സ്വച്ഛശൃംഗാരവ്യാപ്യാമേകം
അന്വഹം സൂത്രഭാഷ്യവ്യത്യാസത്തോടു കാട്ടും
നിന്നുടെ മന്ദമസ്മിതമാരുതാൻ മറന്നീടും?
കന്യകയല്ല, ഹന്ത നൽകുടുംബിനിയല്ല,
നിർണ്ണയം നവവധുതന്നെ നീ സകലർക്കും!

നല്പരിഷ്കാരലക്ഷ്മി വാണീടും തലസ്ഥാനം,
ചൊല്പേറും വാണീദേവിതന്നുടെ ലീലാരംഗം,
സാരസ്യസൌന്ദര്യങ്ങൾക്കെന്നുമേ വിളനിലം,
പാരിസ്സേ! തവ കീർത്തിയെങ്ങനെ വാഴ്ത്തേണ്ടു ഞാൻ?

Paris,
1926 June.

ജ്ഞാനം.

ലോകമാം നാടകരംഗത്തിലന്നോളം
വേഷം പലതും ഞാൻ കെട്ടിയാടി;
കാഷായവസ്ത്രവും ശീമവസ്ത്രങ്ങളും
തോഷാതിരേകാൽ ഞാൻ ചാർത്തിനോക്കി;
ഭാഷാവിഷയമായൊട്ടാകെ യത്നിച്ചു;
ദേശാഭിമാനിയായ് വേല ചെയ്തു;
നിന്നുടെ കാൽത്താർ പണിയുവാൻമാത്രം ഞാ-
നെൻനാഥ! തെല്ലിട കണ്ടതില്ല.

പേരുകേട്ടുള്ളോർ പലരെയും മാനമാ-
യോരോവിധത്തിൽ ഞാൻ സൽക്കരിച്ചു,
ഗേഹമലംകരിച്ചാദരവോടഹോ
മോഹത്താൽ കോപ്പുകളെല്ലാം കൂട്ടി;
നന്നായ് ക്ഷണിച്ചു വരുത്തി ഞാൻ പൂജിച്ചു
മന്നിൽപ്രമാണികളായുള്ളോരെ;
നിന്നുടെ സൽക്കാരമൊന്നു മാത്രം ഞാ-
നെൻനാഥ! സന്തതം വിസ്മരിച്ചു.

പ്രേമസമ്പൂർണ്ണമാം ചിത്തത്തോടെത്ര നൽ-
ക്കാമിനിമാരെ ഞാനോമനിച്ചു!
ശൃംഗാരഗീതങ്ങൾ നിർമ്മിച്ചു ലാളിച്ചു
ഭംഗിയിൽ വേണ്ടതു സമ്മാനിച്ചു!

സ്നേഹാർദ്രജീവിതംതന്നേ പ്രധാനമെ-
ന്നാഹാ പലതരമുൽഘോഷിച്ചു!
നിന്നുടെസ്നേഹം ലഭിക്കുവാൻമാത്രം ഞാ-
നെൻനാഥ! തെല്ലുമേ യത്നിച്ചില്ല.

ഇപ്പോഴോ, മോഹാന്ധകാരം മനസ്സിനു
സ്വല്പമായ നീങ്ങി ഞാൻജ്ഞാനമാർന്നു—
സേവ്യനായ് നിയൊരാൾ, പൂജ്യനായ് നീമാത്രം,
സ്നേഹിക്കാനുള്ളതും നീതാനത്രേ

St. Cyr Lyon, }
1926: Aug. }

— - - — —

സാഗരസ്തോത്രം.

അന്തമില്ലാതെ,പരന്നേ,ത്തുമൊന്നിളകാതെ
ശാന്തമായ്,മഹാബ്ധേ!നീ നിശ്ശബ്ദംകിടക്കുന്നു.
ഉച്ചലത്തരംഗപോതങ്ങളിൽതട്ടുംസൂര്യ-
രശ്മികൾതവമാറിൽരത്നങ്ങൾചിതറുന്നു.
ആരുവാൻതവശാന്തരൂപമിന്നിതുകാണു-
ന്നേരമോർത്തിടുംനിന്റെശക്തിയുംഗാംഭീര്യവും?
ഒന്നോടെഭൂഖണ്ഡങ്ങൾകോപിച്ചുവിഴുങ്ങുന്നു;
പിന്നെയുംവേണ്ടപ്പോൾനീപുറത്തെക്കെറിയുന്നു;
ഉദ്ധതമാവാൽഞെളിഞ്ഞോടുന്നകപ്പൽക്കൂട്ടം
സത്വരംഞൊടികൊണ്ടുധൂളിയായ്തീർത്തിടുന്നു.
ശാന്തമായിരിക്കിലുമാരാലുമധൃഷ്യമായ്,
സ്ഫാടികനീലംമേനിയേന്തിലുംവിശാലമായ്,
ചാലവേകിടക്കുന്നനിന്നുടെമാഹാത്മ്യത്തെ
ചേലൊടുവാഴ്ത്താനാർക്കെന്നംബുധേ!സാധിക്കുന്നു?

II

ആർക്കുവാൻനിന്നെപ്പോലെഗാംഭീര്യം, നിന്നുള്ളിന്നു
നേർക്കുകാണുവാനാർക്കുസാധിപ്പൂജഗത്തിങ്കൽ?
എന്തുനീവഹിപ്പൂനിന്നന്തർഭാഗത്തിങ്കൽ?
ഹന്ത! വിഷ്ണുതൻചാരുകുക്ഷിയിലെന്നപോലെ;
അതിയാംവീര്യംചേരുംബാഡവവഹ്നിപോലു-
മുദരേവഹിക്കുന്ന നിസ്സോമംഭവാനെന്നും

ഉൾത്തടങ്ങളിലാഴത്തിലായ കാഴ്ചകൾ വഹിച്ചുമ-
മൈത്രയുമക്ഷോഭ്യമാം പണ്ഡിതമനം പോലെ
എത്രമത്സ്യങ്ങൾ, ജീവജാലങ്ങൾ, മറ്റൊരൊന്നല്ലും
അത്രനിൻമേഘത്തിങ്കൽ ജനിച്ചു ജീവിക്കുന്നു
അവരെപ്പുലർത്തുന്നു കാത്തുപോരുന്നു, ഭവാൻ
വിളവെന്നപ്പോലാക്കുന്നവേറെയുണ്ടോ?
വിസ്തൃതമാകും നിന്റെ മാറത്തിലെത്രയാന-
പാത്രങ്ങൾ ചരിക്കുന്നു സന്തതമതിവേഗാൽ?
മന്ദമായ് കാറ്റത്തോട്ടമോടങ്ങളൊരു വഴി,
തുംഗവേഗേന പോകും കപ്പൽമറ്റൊരു വഴി,
ഘോരയുദ്ധത്തിനുള്ള നാവികസന്നാഹങ്ങൾ
വ്യാപാരിസംഘങ്ങൾ തൻ നൗകകളനവധി;
ഒന്നുപോൽ തവമാറിലനായാസം ചരിക്കിലും
അണ്ണുവ നിനക്കല്ലലല്പവുമതിലുണ്ടോ?
താലോലിച്ചവരെ നീ താരാട്ടിലാട്ടീടുന്നു
ചേലോടുയന്നമേകി വേണ്ടപോൽ തുണയ്ക്കുന്നു

III

സർവ്വമാലിന്യങ്ങളുമൊന്നോടെ ലയിക്കിലും
സർവ്വദാ തവമേനി സന്തതം പരിപൂതം
പാവനയായ ജഹ്നുകന്യകപോലും നിന്നെ
പ്രാപിച്ചു തന്നുന്നതമുക്തിയെത്തേടീടുന്നു
ദ്വാരക, രാമേശ്വരം, തൊട്ടുതീർത്ഥങ്ങൾ നിന്റെ
ചാരുവാം വസനത്തിൽ ചേലെഴുന്നൊരികരംതൻ

ആദിത്യഭഗവാനുംനിത്യവുംനിന്നിൽനിന്നു
നേരത്തുംകളിച്ചുല്ലാസംഉള്ളോടിപ്പൂണ്ടിടുന്നു.
ലോകപാലകൻവിഷ്ണുനിന്നിലേശയിക്കുന്നോൻ,
ലോകമാതാവാംരമനിന്നിലെജനിച്ചുള്ളോൾ,
അന്തമറ്റനാളിയായ് കായാംപൂനിറമൊത്ത
നിൻതിരുവടികൊൾവൂവൈഷ്ണവംതേജസ്സേറും
ലക്ഷ്മിക്കുപിതാവായനിന്നുടെമാഹാത്മ്യത്തെ
വീക്ഷിപ്പാൻമിതപ്രജ്ഞർമർത്ത്യരാരാളാകുന്നു?
വൃത്രഹന്താവുതന്റെവജ്രത്തെതടുത്തിട്ടു
മിത്രരക്ഷണംചെയ്തസുസ്ഥിരപ്രതിജ്ഞൻനീ;
അമൃതുംകാളകൂടവിഷവുംസമമായി
കരുതുംസമഭാവചിത്തനാംയോഗീന്ദ്രൻനീ;
ലോകത്രാണനത്തിന്നുനിൻദേഹംമഥിക്കുവാൻ
താനേസമ്മതിച്ചുള്ളനിസ്വാർത്ഥൻമഹാത്യാഗി,
മാരിതാൻനിൻവിയർപ്പുതുള്ളികൾ;നിൻശ്വാസംതാൻ
മാരുതൻകടലേനിൻസോദരനാകാശംതാൻ,
സർവ്വംപ്രളയത്തിൽനിന്നിലേലയിക്കുന്നു,
സർവ്വംനിന്നിൽതന്നെപിന്നെയുംജനിക്കുന്നു;
അർണ്ണവ,രത്നാകര,വാരാശേനമസ്കാരം !
അന്വഹംനമസ്കാരം,നമസ്തേനമോസ്തുതേ!

Red Sea
1925 Sept.

നവവത്സരം.

എന്മതിക്ഷേത്രത്തിൽവെച്ചുഞാൻ പൂജിക്കും
നിൎമ്മലവിഗ്രഹമേതുതാനോ,
നിത്യവുംനിൎവ്വാണലാഭത്തിനായിട്ടു
നിസ്തുലംലാഭം ജപിപ്പതേതോ,
ഏതിനായിട്ടുഞാൻ ജീവിതസൎവ്വസ്വം
സാദരമൎപ്പിപ്പാനോൎത്തിടുന്നു,
ശ്രീഭാരതോൎവ്വിതൻ സമ്പൂൎണ്ണസ്വാതന്ത്ര്യ
ലാഭമതെന്നും ജയിച്ചിടട്ടേ–
ഈനവവത്സരാരംഭത്തിൽമറ്റൊന്നു-
മൂനംവെടിഞ്ഞുഞാനോൎപ്പതില്ല;
മറ്റൊന്നുമാഗ്രഹിപ്പീലഞാൻപുത്തനായ്
മുറ്റുമാദൎശംവരിപ്പതില്ല;
ഒന്നുതാൻനിശ്ചയം ചെയ്തുദേവി,മേ
നിന്നുടെസേവകരായ് ജീവിക്കുവാൻ.
നിൻയാഗധൂമത്തിൽ മുങ്ങിമീയാകാശം
പാഴന്ധകാരമായ് മൂഢരോൎക്കാം;
ധ്യാനത്തിൽവാഴുന്നനിൻസ്ഥിതിതോൽവിതൻ-
സ്ഥാനത്തിലായവരോൎത്തുകൊള്ളാം;
ചാരിത്രച്ചുട്ടുനീ കെട്ടുവതായവർ
ദാരിദ്ര്യലക്ഷണമായ്ഗ്ഗണിക്കാം;
ദേവി,നിൻമാഹാത്മ്യമായവരെങ്ങനെ
കേവലബുദ്ധ്യാധരിച്ചിടുന്നു.

നിൻജയച്ചെണ്ടും പൊക്കിപ്പിടിക്കുവാ-
നെൻ കരങ്ങൾക്കുത്സാഹശക്തി ചേർക്ക;
വൻകടൽപോലെപ്പരന്ന നിൻകീർത്തിയിൽ
മുങ്ങിക്കുളിക്കാൻ വരം തരിക;
സ്വാതന്ത്ര്യകഞ്ചുകം ചാർത്തിനി ലോകത്തി-
ലാദൃതയായിട്ടു നിന്നിടുമ്പോൾ,
നിൻപദതാരിന്നേ സേവിക്കുവാനെഴും
വൻപൊന്നഭാഗ്യമെനിക്കു ചേർന്നു;

ഈ നവവത്സരാരംഭത്തിൽ മറ്റൊന്നും
ഞാനമ്മേ! നിൻവരമർത്ഥിപ്പീല.

1st Jan: 1926
Paris: 36 Rue des Écoles.

സ്പെയിനിൽ.

നിഷ്ഫലമായിത്തീൎന്നുമല്ല, മൎത്ത്യകയറൊരൊ
രഗ്നിപ്രവൃത്തം, പക്ഷമൊടിഞ്ഞഗൃദ്ധ്രശ്രേഷ്ഠൻ,
സൈനികനിരവിട്ടനായക,നിവപോലെ
ഹാ, നിനക്കൊരുകീൎത്തിപൂൎവ്വശക്തിയാൽമാത്രം
ഭൂലോകംപുകഴ്ത്തോരുനിന്നുടെമാഹാത്മ്യമി-
ക്കാലത്തുപുരാവൃത്തമൊന്നുതാനായിത്തീൎന്നു.

II

സാഗരകാഞ്ചിയായ സാമ്രാജ്യമതിൽമുന്നം
സാൎവ്വഭൗമത്വമോടു വാണു നീ ചിരകാലം;
നിൻകരപരാക്രമനന്ദിതകശ്യപനന്നു
വൻക്രീഡയ്ക്കുതകുന്ന വാടിയായ്നിൎമ്മിച്ചപോൽ
ധീരനാംകൊളംബസ്സിന്നനന്ത തപഃശക്തി
ദൂരവേപരന്നുള്ള നൂതനഭൂഖണ്ഡത്തെ
ഉൾക്കൊഴുംകടൽകോപിച്ചാക്രമിപ്പതുപോലെ,
തുൎക്കർപരിഷ്കാരധ്വംസനംചെയ്യേറ്റപ്പോഴും,
നിൻബലമൊന്നുതന്നേ യൂറോപ്പിൻരക്ഷയ്ക്കായി-
ക്കന്മഷമററുച്ചപൎവ്വതംപോലെനിന്നു.
പണ്ടൊരിമന്നരായോരഗ്നിജ്വാലയാൽ'ബോണെ-
പ്പാൎട്ടി'ൻറസേനാബലംപോലുംനീനശിപ്പിച്ചു;
മുക്കണ്ണൻതിരുവടിതൻഫാലനേത്രംകൊണ്ടു
മുപ്പുരംനിമേഷത്താൽഭസ്മമാക്കിയപോലെ

III

ആ മേന്മയിന്നെങ്ങാണോ? കോയ്മ നീ നടിച്ചുള്ളൊ-
രാമഹാസാമ്രാജ്യവുമെങ്ങുപോയ് മറഞ്ഞിപ്പോൾ?
ലോകത്തിൻഗതിയാകയാമാപ്രവാഹത്തിൽപ്പൊങ്ങും
പോളകളല്ലോ രാജശക്തിയുമൈശ്വര്യവും.
ഇന്നാസ്സാമ്രാജ്യച്ചെങ്കോൽപിടിക്കും കൈകളത്രേ
മണ്ണുവാരുവാൻ നാളെയീശ്വരനൊരുക്കുന്നു.
ഇന്നു നീ ദാസ്യവൃത്തിയേറ്റുള്ള കുലീനപോൽ
ഖിന്നയായടിമത്തമാസ്വദിച്ചിരിക്കുന്നു.
സ്വച്ഛന്ദാധികാരശക്തിദുർമ്മദോന്മത്തം ചെയ്വൂ
സ്വച്ഛന്ദം ബലമററുവീണനിൻതിരുമാറിൽ;
ലോകമാം തറവാട്ടിൽ നീ ബഹിഷ്കൃതപുത്രി
സ്വാഗതം നിനക്കില്ലയെങ്ങുന ചെന്നെന്നാലും

iv

ആരു നിൻമഹിമയെ വാഴ്ത്തുന്നതിപ്പോൾ? നിന്റെ
പേരുകേട്ടുള്ളകാവ്യകൃത്തുകളെങ്ങോയ്ത്തിന്നു,
ഹന്ത! 'സെർവാൻറസ്സി'ൻറപുണ്യരാജ്യത്തിൽപ്പോര-
ന്നന്ത്ര മാമൂതിയ്ക്കുമുള്ളൊരു ഖഗീതമേയുള്ളൂ.
വിദ്യയുംകലകളും പാണ്ഡിത്യമിവയെല്ലാ-
മിരുണ്ടിരിയുണ്ടോ രാസ്യമാന്നവർക്കും?

Vigo }
Dec. 1925. }

പരാജയഗാനം.

ആരുമേ വാഴ്ത്തുന്നതില്ലിഹ ജീവിത-
പ്പോരിൽ പരാജിതരായവരെ;
ചിത്രകാരന്മാർ വരപ്പില്ലവരുടെ
ചിത്രങ്ങൾ; വിഗ്രഹം നിർമ്മിപ്പീല.
സൽകവീന്ദ്രന്മാർ സ്തുതിപ്പതും, കാവ്യങ്ങൾ
ഉൾക്കൊണ്ടഹർഷേണ നിർമ്മിപ്പതും,
ഗായകന്മാർ സദാ പാടുന്നതും, ജയ-
ശ്രീയുടെ കീർത്തികൾ മാത്രമല്ലോ.

ii

പാടുക നമ്മൾ പരാജയലക്ഷ്മിതൻ
കേടകന്നുള്ള ഗുണഗണങ്ങൾ
വാഴ്ത്തുക ജീവിതയുദ്ധത്തിൽ തോറ്റോരാം
മർത്ത്യർക്കെഴും വൻമനോമഹത്വം;
നിഷ്കാമകർമ്മത്തെയോർപ്പവർ നോക്കുമോ
തോൽക്കലുംനേടലും ഭിന്നങ്ങളായ്?

iii

ഏറ്റുപൊരുതുവാൻ ബുദ്ധിയില്ലാതുള്ള
ക്രൂരനും പോരുന്നകാര്യമല്ലോ
തോൽവിയിൽ പിന്നൊഴിഞ്ഞീടുവാനുള്ളതേ
ധൈര്യമേ പൗരുഷമൈശ്വര്യമാവൂ.

ബുദ്ധിഹീനന്മാർ വരിക്കട്ടെ മൃത്യുവേ
നിത്യം പുകഴ്ത്തുന്ന യുദ്ധവീര്യം
പാഴായ് നരബലി ചെയ്യുന്നേട്ടം ജയം
പാഴരേ നല്ലതായ് കാണുകയുള്ളൂ.

iv

ലോകശകടത്തിൻ ചക്രങ്ങൾ മേലേറി
ചാകാതെ ചതരഞ്ഞുള്ള ജനം
തങ്ങൾതൻജീവിതം നൽകിത്താൻ മാറ്റുന്ന
മംഗളങ്ങൾ ലോകത്തിൻമുൻ തിക്കായ്
സാധുക്കളായവർ തോൽക്കയോ, കാണികൾ
ഗർവ്വിഷ്ഠരായ് ജയംനേടിനിൽക്കേ.

v

ഉമ്പർക്കോൻ തൻപെരുംപ്രൗഢി ഭാവിക്കയോ,
വമ്പെഴും സൗധത്തിൽ പാർക്കുകയോ,
ദുർമ്മദാഹങ്കാരമൂർച്ഛയിൽ സാധുക്കൾ
തൻമൂർദ്ധ്നി പാദങ്ങൾ വെക്കുകയോ,
അന്തസ്സമേറിയും ചേരും പദവിയിൽ
ചന്തത്തിൽ കേമനായ് വാഴുകയോ,
ജീവിതയുദ്ധത്തിൽ നേടും ജയത്തിന്റെ
ശോഭനമാകുന്ന ലക്ഷണങ്ങൾ

vi

മാനവ്യമെന്നതും ത്യജിച്ചും തൻപൗരുഷം
ഹാനി വരിച്ചും ധനം നേടുവോർ,

ദുഷ്പ്രഭുസേവയാൽ സാധുജനങ്ങളെ
എപ്പോഴുംമർദ്ദിച്ചുവാഴുന്നവർ,
ബുദ്ധിയുംബോധവും പാഴായ്‌വിലയ്ക്കുകി
യുക്തതമാവം നടിച്ചിട്ടുന്നോർ,
അന്യായമീവകക്കാരുടെമേന്മകൾ
തന്നെയോ ജീവിതയുദ്ധജയം?
എങ്കിൽനാം വാഴ്ത്തുകതോൽവിതൻനല്ലൊരു
മംഗളഗാനങ്ങളെല്ലാടവും.

VII

പാട്ടുകനമ്മൾ പരാജയലക്ഷ്മിതൻ
കേടകന്നുള്ള ഗുണഗണങ്ങൾ
ഗാഢാനുരാഗമറിയാത്തപെണ്ണിന്റെ
വാട്ടുന്നസൌന്ദര്യമോടികൾക്കും
ഉള്ളിലെചിന്തപുറത്തുവരാതുള്ള
നല്ലകവീന്ദ്രന്റെകാവ്യത്തിനും
നിശ്ശബ്ദനായ്ത്തീർന്നഗായകൻതന്നുടെ
നാശ്ലേഷമോഹനഗാനത്തിനും
മറ്റുപരാജിതരായുള്ളസർവ്വർക്കും
കറ്റമറ്റന്യായം കൂപ്പുകനാം

Srinagar
April 1928.